**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2913.** **06.11.2019 ൽ മറുപടിയ്ക്ക്**

**വർദ്ധിച്ചുവരുന്ന ലഹരി ഉല്പന്നങ്ങളുടെ വിപണനവും ഉപയോഗവും തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ജെ.മാക്സി | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ലഹരി ഉല്പന്നങ്ങളുടെ വിപണനവും ഉപയോഗവും അതുമായി ബന്ധപ്പെട്ട ക്രിമിനൽ മാഫിയാ സംഘങ്ങളുടെ പ്രവർത്തനവും തടയുവാനായി പോലീസ്, ഫോറസ്റ്റ്, റവന്യൂ മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്, റെയിൽവേ എന്നീ വിഭാഗങ്ങളുമായി ചേർന്ന് എക്സൈസ് വകുപ്പ് സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | ലഹരി ഉല്പന്നങ്ങളുടെ ശേഖരണവും വിപണനവും ഉപയോഗവും തടയുന്നതിനായി പോലീസ്, റവന്യൂ വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയിഡ്, വാഹന പരിശോധന, ഇതരസംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകളിലെ പരിശോധന എന്നിവ നടത്തിവരുന്നുണ്ട്. ആർ.പി.എഫ്-മായി ചേർന്ന് റെയിൽവേ സ്റ്റേഷനുകളിലും ഇതരസംസ്ഥാന തൊഴിലാളികൾ കൂട്ടതലായി വരുന്ന ട്രെയിനുകളിലും പ്രത്യേക പരിശോധനകൾ നടത്തുന്നുണ്ട്. വനം വകുപ്പുമായി ചേർന്ന് വനമേഖലകളിൽ കഞ്ചാവ് കൃഷി, വ്യാജവാറ്റ് എന്നിവ തടയുന്നതിനായി സംയുക്ത പരിശോധനകളും നടത്തിവരികയും ചെയ്യുന്നുണ്ട്. കൂടാതെ മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ് എന്നിവരുമായി ചേർന്ന് കടലിലും, തീരപ്രദേശങ്ങളിലും ശക്തമായ പരിശോധനകൾ നടന്നുവരുന്നു. |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും എത്ര തുകയുടെ ലഹരി ഉല്പന്നങ്ങൾ പിടികൂടി; എത്ര കേസ്സുകൾ ചാർജ്ജുചെയ്തു; എത്ര പേരെ പിടികൂടി; | (ബി) | ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും പിടികൂടിയ ലഹരി ഉല്പന്നങ്ങളുടെ വില, ചാർജ്ജുചെയ്ത കേസ്സുകൾ, പിടികൂടിയവരുടെ എണ്ണം എന്നിവ താഴെ കൊടുത്തിരിക്കുന്നു. |

| വർഷം | ലഹരി ഉൽപ്പന്നങ്ങളുടെ ഏകദേശ മതിപ്പ് തുക | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | | അറസ്റ്റ് ചെയ്യപ്പെട്ടവരുടെ എണ്ണം | |
|---|---|---|---|---|---|
| | | അബ്കാരി | എൻ.ഡി.പി.എസ് | അബ്കാരി | എൻ.ഡി.പി.എസ് |
| 2016 (1/6/16 മുതൽ) | 150 കോടി | 16233 | 2033 | 15409 | 2158 |
| 2017 | 300 കോടി | 21372 | 5946 | 18301 | 6226 |
| 2018 | 650 കോടി | 10634 | 7573 | 7873 | 7798 |
| 2019 (30/9/19 വരെ) | 500 കോടി | 10340 | 5811 | 8370 | 6043 |

| | | | |
|---|---|---|---|
| (സി) | ഇതിൽ എത്ര ഇതര സംസ്ഥാനക്കാർ, വിദ്യാർത്ഥികൾ, പ്രായപൂർത്തിയാകാത്തവർ ഉണ്ടായിരുന്നു; വിശദാംശം ലഭ്യമാക്കുമോ? | (സി) | 2566 ഇതര സംസ്ഥാനക്കാരും, 127 വിദ്യാർത്ഥികളും, 198 പ്രായപൂർത്തിയാകാത്തവരും ഉണ്ടായിരുന്നു. |

സെക്ഷൻ ഓഫീസർ